**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ് സിഡി- - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ) നം.**2438/ 2018** /തസ്വഭവ തീയതി, തിരുവനന്തപുരം **17.09.2018**

പരാമർശം :-1) സ.ഉ.(കൈ) നം 22/ 2018/ തസ്വഭവ തീയതി 14/ 2/ 2018

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നമ്പർ 3.26

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ മാർഗ്ഗരേഖയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് വിവാഹം നടന്ന് 90 ദിവസത്തിനകം അപേക്ഷിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. പരാമർശം രണ്ടിലെ യോഗ തീരുമാനപ്രകാരം താഴെ പറയുന്നവ പുറപ്പെടുവിക്കുന്നു

1.തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് നൽകുന്ന വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 180 ദിവസമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2.പ്രസ്തുത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നല്കുവാൻ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറികൂടിയായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു

3. ഇത്തരം ആവശ്യങ്ങൾ ഇനി മുതൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതില്ല.

4. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**